**ആര് ആരോട് പറഞ്ഞു. 3x2=6**

55. "എഴുന്നേൽക്കുക ഞാനും ഒരു മനുഷ്യൻ തന്നെ."
56. " ദൈവമാണേ, അങ്ങേ ജീവനാണേ, ഞാൻ അങ്ങയെ വിട്ടുമാറുക യില്ല "
57. "നല്ലവനായ ഗുരുവേ, ഞാൻ നിത്യജീവൻ അവകാശമാക്കുവാൻ എന്താണ് ചെയ്യേണ്ടത്."

**വാക്യം എഴുതുക 2x3=6**

58. ബാർ ആസീറേ 38:20    59. 1 തീമോത്തെയോസ് 6:12

**ഖണ്ഡിക എഴുതുക** ഏതെങ്കിലും രണ്ടെണ്ണം **2x4=8**

60. ശിഷ്യന്മാരുടെ സ്ഥാനം ഉപ്പ്, വിളക്ക് എന്നിവയ്ക്ക് സാദൃശ്യമാകുന്നു.
61. സാക്ഷ്യപെട്ടകത്തിലെ വസ്തുക്കളും വി.മദ്ബഹായിലെ വസ്തുക്കളുമായി താരതമ്യം ചെയ്യുക.
62. വി.പത്രോസിനു മാത്രമുള്ള പ്രാധാന്യം ?

**ഗീതം പൂരിപ്പിക്കുക. 6**

63. ഇന്നാൾ നിൻ കബറിങ്കൽ.....
.......... പ്പിച്ചോ-നായ് സ്തോത്രം

**പ്രാർത്ഥന പൂർത്തിയാക്കുക. 8**

64. മഹോന്നതന്റെ മറവിൽ ഇരിക്കുന്നവനായ.......
...... ഞങ്ങളോട് കരുണ ചെയ്യണമേ

അല്ലെങ്കിൽ

ഉയരപ്പെട്ടവന്റെ മറവിൽ ഇരിക്കുന്നവനായ.......
...... ഞങ്ങളോട് കരുണ ചെയ്യണമേ

**ഉപന്യാസം എഴുതുക** ഏതെങ്കിലും ഒരെണ്ണം **1x10 = 10**

65. വിശുദ്ധിയിലേയ്ക്കുള്ള പാതയിൽ ഒരു ക്രിസ്ത്യാനി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഗിരിപ്രഭാഷണത്തെ അടിസ്ഥാനമാക്കി ഉപന്യസിക്കുക.

അല്ലെങ്കിൽ

ദൈവാലയത്തിന്റെ ഒമ്പത് പ്രധാന ഭാഗങ്ങളെ കുറിച്ച് വിവരിക്കുക.

# M.J.S.S.A. വാർഷിക പരീക്ഷ - 2018

**Class VII**  **Marks - 100**
**Time - 2.30 Hrs**

**ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക. 10x1=10**

1. സുറിയാനി ക്രിസ്ത്യാനികളുടെ സത്യവിശ്വാസ പുനഃപ്രഖ്യാപനം ഏത്?
( മാവേലിക്കര പടിയോല, മുളന്തുരുത്തി സുന്നഹദോസ്, കൂനൻകുരിശ് സത്യം )
2. ലാബി എന്നു വിളിക്കപ്പെടുന്ന ശിഷ്യൻ ?
( മത്തായി, തദ്ദായി, യാക്കോബ് )
3. യേശു ബേത്ലഹേമിൽ ജനിക്കുമെന്ന് പ്രവചിച്ചത് ?
( മലാഖി, മീഖ, യശയ്യ )
4. ജ്ഞാനത്തിന്റെ സമുദ്രം എന്നറിയപ്പെടുന്ന ശ്രേഷ്ഠ പിതാവ് ?
( മോർ അപ്രേം, ബാർ എബ്രായ, മോർ ഗ്രിഗോറിയോസ്)
5. ദൈവം അഭിമുഖമായി അറിഞ്ഞ പ്രവാചകൻ ?
(അഹറോൻ, യോശുവ, മോശ)
6. കർത്താവിനു വേണ്ടി തലവരി പണം കൊടുക്കുവാൻ ചുമതലപ്പെടുത്തിയതാരെ ? ( വി.യോഹന്നാൻ, വി.പത്രോസ്, വി.യാക്കോബ് )
7. വി.സഭ സൂബോറൊ പെരുന്നാൾ ആചരിക്കുന്നത് ?
( ഫെബ്രുവരി 2, ആഗസ്റ്റ് 6, മാർച്ച് 25)
8. യഹൂദന്മാർക്ക് ബാബേൽ പ്രവാസത്തിൽ നിന്നും മോചനം നൽകിയ രാജാവ് ? ( കോരെശ്, അഹശ്വരേശ്, ദര്യാവേശ് )
9. സഭാ വത്സരത്തിന്റെ ആരംഭം ?
( പുതുഞായറാഴ്ച, ഹൂദോസ് ഈത്തോ ഞായർ, കൂദോശ് ഈത്തോ ഞായർ)
10. ആദ്യമായി ക്രിസ്തീയ സഭയിൽ ചേർന്ന വിജാതിയൻ ?
( ശൗൽ, തോൽക്കൊല്ലനായ ശെമവൂൻ, കൊർന്നൊലിയോസ്)

**പേരെഴുതുക.** **10x1=10**

11. ക്രിസ്ത്യാനികൾക്ക് ഞായറാഴ്ച ഏതു ദിനമാണ് ?
12. ദൈവരാജ്യത്തെപ്പറ്റിയുള്ള ഉപദേശത്തിന്റെ തുടർച്ച ?
13. രൂത്തിന്റെ വീണ്ടെടുപ്പുകാരൻ ?
14. മലങ്കരയിൽ നിന്നും ആദ്യമായി വാഴിക്കപ്പെട്ട മെത്രാപ്പോലീത്ത ?
15. ദുഃഖവെള്ളിയാഴ്ചയായി വന്നാൽ പോലും വി.കുർബ്ബാന അർപ്പിക്കേണ്ടതായ മാറാനായ പെരുന്നാൾ ദിനം ?
16. നൂറ് സേനാംഗങ്ങളുടെ തലവൻ ?
17. ഏലിയാ പ്രവാചകൻ ബലി നടത്തിയ സ്ഥലം ?
18. കാണാതെ പോയ ആടിന്റെ ഉപമയിലെ നല്ലിടയൻ ആരാകുന്നു ?
19. പൗരോഹിത്യ ഗോത്രം ?
20. കർത്താവിന്റെ അഭിഷിക്തനെ കാണും വരെ മരണം കാണുകയില്ലെന്ന് അരുളപ്പാട് ലഭിച്ചതാർക്ക് ?

**ശരിയോ തെറ്റോ എന്ന് എഴുതുക.** **10x1=10**

21. വി.സഭയുടെ ആരാധനാ വത്സരത്തെ രണ്ടായി തിരിച്ചിരിക്കുന്നു.
22. ഒരു ദിവസം യേശു പത്രോസിനേയും, യാക്കോബിനേയും, ഫിലിപ്പോസിനേയും കൂട്ടിക്കൊണ്ട് ഒരു ഉയർന്ന മലയിലേയ്ക്ക് പോയി.
23. പ്രവാസത്തിനുശേഷം യരുശലേമിൽ താമസമാക്കിയ യഹൂദന്മാരെ സന്മാർഗ്ഗികളാക്കുന്നതിൽ ശ്രേഷ്ഠമായ പങ്ക് വഹിച്ച ആളാണ് എസ്ര.
24. വി.റൂഹായുടെ കിന്നരം എന്ന് വിളിക്കപ്പെട്ടിരുന്ന മോർ അഫ്രേമിനെ 5-ാം തുബ്ദേനിൽ വി.സഭ അനുസ്മരിക്കുന്നു.
25. കൊർന്നല്ല്യോസിന് ദർശനമുണ്ടായതിന്റെ അടുത്ത ദിവസം യോപ്പയി ലായിരുന്ന വി.പൗലോസിനും ഒരു ദർശനമുണ്ടായി.
26. പള്ളിയുടെ ഹൈക്കലായ്ക്ക് പടിഞ്ഞാറ് വശത്തായി അല്പം താഴ്ത്തിയാണ് മോണ്ടളം ഉണ്ടാക്കുന്നത്.
27. ഇയ്യോബിന്റെ കഷ്ടതകൾ അവന് നേരിട്ടതുകൊണ്ടാണ് സ്വയം നീതീകരണമെന്ന പാപത്തെക്കുറിച്ച് അവന് ബോദ്ധ്യം വന്നത്.
28. 153 വലിയ മത്സ്യങ്ങൾ ലോകത്തിലെ വിവിധ സഭകളെ സൂചിപ്പിക്കുന്നു.
29. മോർ ശെമവൂൻ ആദ്യത്തെ ദസ്തൂനോ എന്നറിയപ്പെടുന്നു.
30. ദൈവത്തെക്കാൾ ഉപരി ധനത്തെ സ്നേഹിക്കുന്നതിനെ യേശു നിരുത്സാഹപ്പെടുത്തുന്നു.

**പുസ്തകത്തിലേത് പോലെ പൂരിപ്പിക്കുക.** **10x1=10**

31. ഭൂമിയിലെ ധനത്തേക്കാൾ .................... നിക്ഷേപമാണ് വിലയേറിയത്.



32. യിസ്രായേൽ മക്കളെ ഫറവോന്റെ അടിമത്വത്തിൽ നിന്നും വിടുവിച്ചതിന്റെ സ്മരണയ്ക്കാണ് യിസ്രായേല്യർ ........... ആചരിച്ചിരുന്നത്.
33. യരുശലേം ദൈവാലയത്തിന്റെ മുൻകുറിയായിരുന്നു........................
34. ഏലീശായുടെ എല്ലാ ഉയർച്ചയ്ക്കും, നന്മയ്ക്കും കാരണം ഏലീശായുടെ ................ ആയിരുന്നു.
35. പരി.ഇഗ്നാത്തിയോസ് ...... ബാവായാണ് 1876 ൽ മുളന്തുരുത്തി സുന്നഹദോസ് വിളിച്ചു ചേർത്തത്.
36. ആദാർ മാസം 14,15 ദിവസങ്ങളിലായി യഹൂദർ ............ പെരുന്നാൾ ആഘോഷിച്ചു വരുന്നു.
37. ദൈവസാന്നിദ്ധ്യമുള്ള സ്ഥലത്തെയാണ് .......... എന്നു വിളിക്കുന്നത്.
38. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ ......... ത്തിൽ പ്രവേശിക്കുന്നത്.
39. "ദൈവമേ .... ഞാൻ നിന്റെ ഭവനത്തിലേയ്ക്ക് വന്ന് എന്റെ നേർച്ചകളെ നിനക്ക് കഴിക്കും."
40. പുറജാതികളിൽ നിന്നും സഭയിലേയ്ക്ക് ആളുകളെ പ്രവേശിപ്പിച്ചത് ............ന് ലഭിച്ച ദർശനത്താലാണ്.

**ചേരുംപടി ചേർക്കുക.** **8x1= 8**

| | |
|---|---|
| 41. ദര്യാവേശ് | - വലിയ മാർ ദിവന്നാസ്യോസ് |
| 42. താബോർ മല | - ബി.സി.511 |
| 43. മോർ അപ്രേം | - മാവേലിക്കര പടിയോല |
| 44. മായൽത്തോ | - ഹൂദായ കാനോൻ |
| 45. ഇയ്യോബ് | - മറുരൂപം |
| 46. വി.സ്ലീബ | - എ.ഡി.373 |
| 47. 1836 | - ദൈവാലയ പ്രവേശനം |
| 48. ബാർ എബ്രായ | - ഊസ് |
| | - അഹറോന്റെ തളിർത്തവടി |

**അർത്ഥം അഥവാ പകരം പറയാവുന്ന പദം എഴുതുക.** **4x1 = 4**

49. ശ്ലീഹ 50. ദനഹ 51. ത്രോണോസ് 52. ക്യംതാ

**സുറിയാനി ലിപിയിൽ എഴുതുക.** **2x2 = 4**

53. യേശു 54. ആബോ ( പിതാവ്)